## മധുരമായ കുട്ടികളെ- ജ്ഞാനത്തിന്റെ സുഖം 21 തലമുറകൾ നിലനിൽക്കും, അതാണ് സ്വർഗ്ഗത്തിലെ സദാസുഖം. ഭക്തിയിൽ തീവ്രഭക്തിചെയ്യുന്നതിലൂടെ അല്പകാല ക്ഷണഭംഗുരമായ സുഖമാണ് ലഭിക്കുന്നത്

**ചോദ്യം-** ഏതൊരു ശ്രീമത്തിലൂടെ നടന്നാൽ നിങ്ങൾ കുട്ടികൾക്ക് സദ്ഗതി പ്രാപ്തമാക്കാൻ സാധിക്കും?
**ഉത്തരം-** നിങ്ങൾക്കായി അച്ഛന്റെ ശ്രീമതം ഇതാണ്- ഈ പഴയ ലോകത്തെ മറന്ന് എന്നെ മാത്രം ഓർമ്മിക്കു. ഇതിനെത്തന്നെയാണ് ബലിയർപ്പണമാവുക അഥവാ ജീവിച്ചിരിക്കെ മരിക്കുക എന്ന് പറയുന്നത്. ഈ ശ്രീമത്തിലൂടെ തന്നെയാണ് നിങ്ങൾ ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായി മാറുന്നത്. നിങ്ങളുടെ സദ്ഗതി ഉണ്ടാകുന്നു. സാകാരീ മനുഷ്യന്, മനുഷ്യരുടെ സദ്ഗതി ചെയ്യാൻ സാധിക്കില്ല. അച്ഛൻ മാത്രമാണ് എല്ലാവരുടേയും സദ്ഗതി ദാതാവ്.

**ഗീതം-** ഓം നമ:ശിവായ.........

**ഓംശാന്തി.** കുട്ടികൾ ഗീതം കേട്ടുവല്ലോ. ഉയർന്നതിലും ഉയർന്നതാണ് ഭഗവാൻ എന്നാണ് പാടുന്നത്. എന്നാൽ ഇപ്പോൾ ഭഗവാന്റെ പേരെന്താണെന്ന് ഒരു മനുഷ്യനും അറിയില്ല. ഏതുവരെ ഭഗവാൻ സ്വയം വന്ന് ഭക്തർക്ക് തന്റെ പരിചയം നൽകുന്നില്ലയോ അതുവരെ ഭക്തർക്ക് ഭഗവാനെ അറിയാൻ കഴിയില്ല. ജ്ഞാനം, ഭക്തി ഇവയെന്തെന്ന് മനസ്സിലാക്കിത്തന്നിട്ടുണ്ട്. സത്യത്രേതായുഗങ്ങൾ ജ്ഞാനത്തിന്റെ പ്രാലബ്ധമാണ്. ഇപ്പോൾ നിങ്ങൾ ജ്ഞാനസാഗരനിൽ നിന്നും ജ്ഞാനം നേടി പുരുഷാർത്ഥത്തിലൂടെ തന്റെ സദാ സുഖത്തിന്റെ പ്രാലബ്ധം ഉണ്ടാക്കുകയാണ് പിന്നീട് ദ്വാപര കലിയുഗത്തിൽ ഭക്തിചെയ്യും. ജ്ഞാനത്തിന്റെ പ്രാലബ്ധം സത്യത്രേതായുഗങ്ങൾ വരെ ഉണ്ടാകും. ജ്ഞാനത്തിന്റെ സുഖം 21 തലമുറകൾ വരെ നിലനിൽക്കും. അതാണ് സ്വർഗ്ഗത്തിലെ സദാസുഖം. നരകത്തിലുള്ളത് അല്പകാല ക്ഷണഭംഗുര സുഖമാണ്. കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് സത്യ ത്രേതായുഗങ്ങളിൽ ജ്ഞാനമാർഗ്ഗമായിരുന്നു പുതിയ ലോകം, പുതിയ ഭാരതമായിരുന്നു. അതിനെയാണ് സ്വർഗ്ഗം എന്ന് പറയുന്നത്. ഇപ്പോൾ ഭാരതം തമോപ്രധാനവും നരകവുമായി. അനേക പ്രകാരത്തിലുള്ള ദുഃഖങ്ങളാണ്. സ്വർഗ്ഗത്തിൽ ദുഃഖത്തിന്റെ പേരോ അടയാളമോ പോലും ഉണ്ടാകില്ല. ഗുരുവിന്റെ അടുത്തേയ്ക്ക് പോകേണ്ട ആവശ്യം തന്നെയില്ല. ഭക്തരുടെ ഉദ്ധാരണം ഭഗവാനുതന്നെയാണ് ചെയ്യേണ്ടത്. ഇപ്പോൾ കലിയുഗത്തിന്റെ അന്ത്യമാണ്, വിനാശം മുന്നിൽ നിൽക്കുന്നുണ്ട്. അച്ഛൻ വന്ന് ബ്രഹ്മാവിലൂടെ ജ്ഞാനം നൽകി സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു പിന്നീട് ശങ്കരനിലൂടെ വിനാശവും വിഷ്ണുവിലൂടെ പാലനയും ചെയ്യുന്നു. പരമാത്മാവിന്റെ കർത്തവ്യത്തെ ആരും അറിയുന്നില്ല. മനുഷ്യനെ പാപാത്മാവ്, പുണ്യാത്മാവ് എന്ന് പറയാറുണ്ട് എന്നാൽ പാപ പരമാത്മാവ്, പുണ്യപരമാത്മാവ് എന്ന് പറയാറില്ല. മഹാത്മാക്കളെ മഹാൻ ആത്മാക്കൾ എന്നും പറയാറുണ്ട് എന്നാൽ മഹാൻ പരമാത്മാവ് എന്നു പറയാറില്ല. ആത്മാക്കളാണ് പവിത്രമായി മാറുന്നത്. അച്ഛൻ മനസ്സിലാക്കിത്തന്നിട്ടുണ്ട്- ആദ്യമാദ്യം മുഖ്യമായത് ദേവീദേവതാ ധർമ്മമാണ്, ആ സമയത്ത് സൂര്യവംശികളായിരുന്നു രാജ്യം ഭരിച്ചിരുന്നത്, ചന്ദ്രവംശികളും ഉണ്ടായിരുന്നില്ല, ഒരേഒരു ധർമ്മമേ ഉണ്ടായിരുന്നുള്ളു. ഭാരതത്തിൽ സ്വർണ്ണം കൊണ്ടും വെള്ളികൊണ്ടും നിർമ്മിച്ച കൊട്ടാരങ്ങളുണ്ടായിരുന്നു, വജ്രങ്ങളും രത്നങ്ങളും കൊണ്ട് ചുമരുകളും മട്ടുപ്പാവും അലങ്കരിച്ചിരുന്നു. ഭാരതം വജ്രസമാനമായിരുന്നു, അതേ ഭാരതം ഇപ്പോൾ കക്കയ്ക്കു സമാനമായി മാറി. അച്ഛൻ പറയുന്നു ഞാൻ കലിയുഗാന്ത്യത്തിന്റേയും സത്യയുഗ ആരംഭത്തിന്റേയും ഇടയിലുള്ള സംഗമത്തിലാണ് വരുന്നത്. ഭാരതത്തെ മാതാക്കളിലൂടെ വീണ്ടും സ്വർഗ്ഗമാക്കി മാറ്റുന്നു. ഇത് ശിവശക്തി പാണ്ഢവസേനയാണ്. പാണ്ഢവരുടെ പ്രീതി ഒരു ബാബയോടാണ്. അവരെ ബാബ പഠിപ്പിക്കുകയാണ്. ശാസ്ത്രങ്ങളെല്ലാം ഭക്തിമാർഗ്ഗത്തിലെ സാമഗ്രികളാണ്. അതാണ് ഭക്തിയിലെ രീതി. ഇപ്പോൾ അച്ഛൻ വന്ന് ഭക്തിയുടെ ഫലമായ ജ്ഞാനം നൽകുന്നു, ഇതിലൂടെ നിങ്ങൾ സദ്ഗതിയിലേയ്ക്ക് പോകുന്നു. എല്ലാവരുടേയും സദ്ഗതി ദാതാവ് ഒരേ ഒരു അച്ഛനാണ്. അച്ഛനെത്തന്നെയാണ് ജ്ഞാനസാഗരൻ എന്നു വിളിക്കുന്നത്. ബാക്കി ഒരു മനുഷ്യനാൽ മനുഷ്യർക്ക് മുക്തിയും ജീവന്മുക്തിയും നൽകാൻ കഴിയില്ല. ഈ ജ്ഞാനം ശാസ്ത്രങ്ങളിലൊന്നുമില്ല. ജ്ഞാനസാഗരൻ എന്ന് ബാബയെ മാത്രമാണ് പറയുക, ബാബയിൽ നിന്നും നിങ്ങൾ സമ്പത്ത് എടുത്ത് പിന്നീട് സർവ്വഗുണ സമ്പന്നനും, 16 കലാസമ്പൂർണ്ണനുമായി മാറും. ഇത് ദേവതകളുടെ മഹിമയാണ്. ലക്ഷ്മീ നാരായണന്മാർ 16 കലാ സമ്പൂർണ്ണരാണ്, രാമസീതമാർ 14 കലകളുള്ളവരും. ഇത് പഠിപ്പാണ്. ഇത് ഒരു സാധാരണ സത്സംഗമല്ല. സത്യം ഒന്ന് മാത്രമാണ്, അവർ തന്നെയാണ് വന്ന് സത്യം മനസ്സിലാക്കിത്തരുന്നത്. ഇത് പതിതലോകമാണ്. പാവന ലോകത്ത് പതിതർ ഉണ്ടാകില്ല അതുപോലെ പതിതലോകത്ത് പാവനമായി ആരും ഉണ്ടാകില്ല. പാവന

മാക്കി മാറ്റുന്നത് ഒരേഒരു ബാബയാണ്. ആത്മാവ് പറയുന്നു ശിവായ നമ:, ആത്മാവ് തന്റെ അച്ഛനോട് നമസ്ക്കാരം പറഞ്ഞു. അഥവാ ആരെങ്കിലും പറയുകയാണ് ശിവൻ എന്നിലാണുള്ളത് എങ്കിൽ നമസ്ക്കാരം പറയുന്നത് ആർക്കാണ്. ഈ അജ്ഞാനം പരന്നിരിക്കുകയാണ്. ഇപ്പോൾ അച്ഛൻ നിങ്ങൾ കുട്ടികളെ ത്രികാലദർശികളാക്കുകയാണ്. നിങ്ങൾക്ക് അറിയാം എല്ലാ ആത്മാക്കളും എവിടെയാണോ ഇരിക്കുന്നത് അതാണ് നിർവ്വാണധാമം അഥവാ മധുരമായ വീട്. എവിടെയാണോ നമ്മൾ അച്ഛന്റെ കൂടെ ഇരുന്നത്, ആ മുക്തിയെ എല്ലാവരും ഓർമ്മിക്കുന്നുണ്ട്. ഇപ്പോൾ നിങ്ങൾ അച്ഛനെയാണ് ഓർമ്മിക്കുന്നത്. സുഖധാമത്തിൽ പോയിക്കഴിഞ്ഞാൽ പിന്നെ അച്ഛനെ ഓർമ്മിക്കില്ല. ഇപ്പോൾ ഇത് ദുഃഖധാമമാണ്, എല്ലാവരും ദുർഗ്ഗതിയിലാണ്. പുതിയ ലോകത്തിൽ ഭാരതം പുതിയതായിരുന്നു, സുഖധാമമായിരുന്നു, സൂര്യവംശീ ചന്ദ്രവംശീ രാജ്യമായിരുന്നു ഉണ്ടായിരുന്നത്. മനുഷ്യർക്ക് ഇതുപോലുമറിയില്ല ലക്ഷ്മീ –നാരായണനും രാധാ–കൃഷ്ണനും തമ്മിൽ എന്തുബന്ധമാണുള്ളത്? അവർ രാജകുമാരനും രാജകുമാരിയുമായിരുന്നു വേറെ–വേറെ രാജ്യങ്ങളിലുള്ളവരായിരുന്നു. പരസ്പരം അവർ സഹോദരി സഹോദരനായിരുന്നില്ല. രാധ തന്റെ രാജധാനിയിലായിരുന്നു, കൃഷ്ണൻ തന്റെ രാജ്യത്തിലെ രാജകുമാരനായിരുന്നു. അവരുടെ സ്വയംവരം നടക്കുമ്പോൾ ലക്ഷ്മീ–നാരായണനായി മാറുന്നു. സത്യയുഗത്തിൽ സർവ്വസാധനങ്ങളും സുഖം നൽകുന്നതായിരിക്കും, കലിയുഗത്തിൽ സർവ്വസാധനങ്ങളും ദുഃഖം നൽകുന്നതാണ്. സത്യയുഗത്തിൽ അകാലമൃത്യു ഒരാൾക്കും ഉണ്ടാകില്ല. നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മൾ നമ്മുടെ പരമപിതാപരമാത്മാവായ അച്ഛനിൽ നിന്നും സഹജരാജയോഗം പഠിക്കുകയാണ് – നരനിൽ നിന്നു നാരായണനും നാരിയിൽ നിന്നു ലക്ഷ്മിയുമാകുന്നതിന്. ഇത് സ്ക്കൂളാണ്. മറ്റു സത്സംഗങ്ങളിലൊന്നും ലക്ഷ്യമുണ്ടാകില്ല. വേദ ശാസ്ത്രങ്ങൾ കേൾപ്പിച്ചുകൊണ്ടിരിക്കും. അച്ഛനിലൂടെ നിങ്ങൾ ഈ മനുഷ്യ സൃഷ്ടിചക്രത്തെ മനസ്സിലാക്കിയിരിക്കുന്നു. അച്ഛനെയാണ് ജ്ഞാനസാഗരൻ, ആനന്ദസാഗരൻ, ദയാഹൃദയൻ എന്നു പറയുന്നത്. പാടുന്നുണ്ട്– അല്ലയോ ബാബാ, വന്ന് ഞങ്ങളോട് കൃപ കാണിക്കു. സ്വർഗ്ഗസ്ഥനായ പിതാവാണ് സംഗമത്തിൽ വന്ന് സ്വർഗ്ഗം സ്ഥാപിക്കുന്നത്.

സ്വർഗ്ഗത്തിൽ വളരെ കുറച്ച് മനുഷ്യരേ ഉണ്ടാകു. ബാക്കി ഇത്രയും പേർ എവിടെപ്പോകും? ബാബ എല്ലാവരേയും മുക്തിധാമത്തിലേയ്ക്ക് കൊണ്ടുപോകും. സ്വർഗ്ഗത്തിൽ ഭാരതം മാത്രമേ ഉണ്ടായിരുന്നുള്ളു, ഇനിയും ഭാരതം മാത്രമേ ഉണ്ടാവുകയുമുള്ളു. ഭാരതം സത്യഖണ്ഢമാണെന്നാണ് പാടിയിട്ടുള്ളത്. ഇപ്പോഴാണെങ്കിൽ ഭാരതം കക്കയായി. പൈസയ്ക്കുവേണ്ടി യാചിച്ചുകൊണ്ടിരിക്കുന്നു. ഭാരതം വജ്രതുല്യമായിരുന്നു ഇപ്പോൾ കക്കയ്ക്കു സമാനമായി മാറി. ഈ ഡ്രാമയുടെ രഹസ്യത്തെ മനസ്സിലാക്കണം. നിങ്ങൾക്ക് രചയിതാവായ അച്ഛനേയും അച്ഛന്റെ രചനയുടെ ആദി–മദ്ധ്യ–അന്ത്യത്തേയും അറിയാം. കോൺഗ്രസുകാർ പാടാറുണ്ട് വന്ദേ മാതരം. പക്ഷേ എപ്പോഴും പവിത്രമായതിനെയാണ് വന്ദിക്കാറ്. പരമാത്മാവാണ് വന്ന് വന്ദേ മാതരം എന്നു പറയാൻ ആരംഭിച്ചത്. ശിവബാബ തന്നെയാണ് വന്ന് പറഞ്ഞത്– നാരി സ്വർഗ്ഗത്തിലേയ്ക്കുള്ള വാതിലാണ്. ശക്തിസേനയല്ലേ. ഇവർ സ്വർഗ്ഗരാജ്യം നേടിത്തരുന്നവരാണ്. അതിനെയാണ് വിശ്വാധികാരമുള്ള രാജ്യം എന്നു പറയുന്നത്. നിങ്ങൾ ശക്തികൾ സ്വരാജ്യം സ്ഥാപിച്ചിരുന്നു, ഇപ്പോൾ വീണ്ടും സ്ഥാപന ചെയ്യുകയാണ്. രാമരാജ്യമെന്ന് പറയുന്നത് സത്യയുഗത്തെയാണ്. ഇപ്പോഴും പറയുന്നുണ്ട് രാമരാജ്യമുണ്ടാകണം. പക്ഷേ അത് ഒരു മനുഷ്യനെക്കൊണ്ട് ചെയ്യാൻ കഴിയില്ല. നിരാകാരനായ ഈശ്വരീയ പിതാവാണ് വന്ന് പഠിപ്പിക്കുന്നത്. അവർക്കും ശരീരം തീർച്ചയായും വേണം. തീർച്ചയായും ബ്രഹ്മാശരീരത്തിൽ വരേണ്ടിവരും. ശിവബാബ നിങ്ങൾ സർവ്വാത്മാക്കളുടേയും അച്ഛനാണ്. പ്രജാപിതാവിനെക്കുറിച്ചും പാടിയിട്ടുണ്ട്. പിതാവെന്നു പറഞ്ഞാൽ അച്ഛനായില്ലേ. ബ്രഹ്മാവിനെ മുതുമുത്തച്ഛൻ എന്നാണ് പറയുന്നത്. ആദി ദേവൻ, ആദിദേവി രണ്ടുപേരും ഇരിക്കുന്നുണ്ട്. ഇരുന്ന് തപസ്യ ചെയ്യുകയാണ്. നിങ്ങളും തപസ്യ ചെയ്യുകയാണ്. ഇതാണ് രാജയോഗം. സന്യാസികളുടേത് ഹഠയോഗമാണ്. അവർക്ക് ഒരിയ്ക്കലും രാജയോഗം പഠിപ്പിക്കാൻ സാധിക്കില്ല. ഗീതപോലുള്ള എന്തെല്ലാം ശാസ്ത്രങ്ങളുണ്ടോ അതെല്ലാം ഭക്തിമാർഗ്ഗത്തിലെ സാമഗ്രികളാണ്. പഠിച്ചുകൊണ്ടാണ് വന്നത് എന്നിട്ടും തമോപ്രധാനമായി മാറി. ഇത് വിനാശം ഉണ്ടാക്കുന്ന അതേ മഹാഭാരതയുദ്ധമാണ്. സയൻസ് വേദങ്ങളിലൊന്നും ഇല്ല. വേദങ്ങളിൽ ജ്ഞാനത്തിന്റെ കാര്യമാണുള്ളത്. സയൻസ് ബുദ്ധിയുടെ അത്ഭുതമാണ്, ഇതിലൂടെ പുതിയ കണ്ടുപിടുത്തങ്ങൾ പുറത്ത് വരുന്നു. വിമാനം മുതലായവ ഉണ്ടാക്കുന്നത് സുഖത്തിനുവേണ്ടിയാണ്. അവസാന സമയത്ത് ഇതിലൂടെ തന്നെയാണ് വിനാശം ഉണ്ടാവുന്നത്. ഇതിന്റെ സുഖം നൽകാനുള്ള കഴിവ് ഭാരതത്തിൽ ഉണ്ടാകും. ബാക്കി ഇതിന്റെ ദുഃഖം നൽകുന്നതിനുള്ള ശേഷി അർത്ഥം മരണം വിതയ്ക്കുന്നതിനുള്ള ശേഷി അവസാനിക്കും. സയൻസിന്റെ ബുദ്ധി ഇനിയും ഉപയോഗിച്ചുവരും. ഈ ബോംബുകൾ കല്പം മുമ്പും ഉണ്ടാക്കിയിരുന്നു. പതിതലോകത്തിന്റെ വിനാശവും അതിനുശേഷം പാവനലോകത്തിന്റെ സ്ഥാപനയും ഉണ്ടാകണം. അച്ഛൻ പറയുന്നു നിങ്ങൾ 84 ജന്മങ്ങൾ പൂർത്തിയാക്കി, ഇപ്പോൾ ഈ ദേഹത്തിന്റെ അഹങ്കാരത്തെ ഉപേക്ഷിച്ച് അച്ഛനായ എന്നെ ഓർമ്മിക്കു എങ്കിൽ യോഗാഗ്നിയിലൂടെ വികർമ്മ

ങ്ങൾ വിനാശമാകും. രാവണൻ നിങ്ങളെക്കൊണ്ട് വളരെ അധികം വികർമ്മങ്ങൾ ചെയ്യിച്ചിട്ടുണ്ട്. പാവനമാകാൻ ഒരേഒരു ഉപായമേയുള്ളു. നിങ്ങൾ ആത്മാക്കൾ തന്നെയാണ്. ഞാൻ ആത്മാവാണ് എന്നാണ് പറയാറ് അല്ലാതെ ഞാൻ പരമാത്മാവാണ് എന്ന് പറയാറില്ല. എന്റെ ആത്മാവിനെ നോവിക്കരുത് എന്ന് പറയാറില്ലേ. ആത്മാവ് തന്നെയാണ് പരമാത്മാവ് എന്ന് പറയുന്നത് വളരെ വലിയ തെറ്റാണ്. ഇപ്പോഴുള്ളത് തമോപ്രധാനമായ വ്യഭിചാരീ ഭക്തിയാണ്. ആര് വന്നോ അവരെയിരുന്ന് പൂജിക്കുന്നു. ഒരാളുടെ ഓർമ്മയിൽ ഇരിക്കുന്നിനെയാണ് അവ്യഭിചാരി  എന്നു പറയുന്നത്. ഇപ്പോൾ വ്യഭിചാരീ ഭക്തിയുടേയും അന്ത്യം സംഭവിക്കണം. അച്ഛൻ വന്ന് പരിധിയില്ലാത്ത സമ്പത്ത് നൽകുന്നു. എല്ലാവർക്കും സുഖം നൽകുന്നവരായി ഒരേഒരു ബാബയേയുള്ളു, രണ്ടാമത് ഒരാളില്ല. അച്ഛൻ പറയുന്നു എന്നോട് മാത്രം ബുദ്ധിയോഗം വെയ്ക്കുന്നതിലൂടെ നിങ്ങളുടെ അന്തിമ മനം പോലെ ഗതിയായിത്തീരും. ഞാൻ തന്നെയാണ് സ്വർഗ്ഗത്തിന്റെ രചയിതാവ്. ഇത് മുള്ളുകളുടെ ലോകമാണ്. പരസ്പരം വഴക്കടിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഈ പഴയ ലോകം മാറുകയാണ്. ജ്ഞാനാമൃതത്തിന്റെ കലശം മാതാക്കൾക്ക് നൽകിയിരിക്കുന്നു. ഇതാണ് ജ്ഞാനം. പക്ഷേ വിഷവുമായി താരതമ്യം ചെയ്യുമ്പോൾ അമൃത് എവിടെയാണ്. അമൃത് ഉപേക്ഷിച്ച് വിഷമെന്തിനാണ് കുടിക്കുന്നത്.......... എന്ന് പറയാറുമുണ്ട്. ശ്രീമത്തിലൂടെയാണ് നിങ്ങൾ ശ്രേഷ്ഠരായി മാറുന്നത്. പരമപിതാ പരമാത്മാവ് വന്ന് നിങ്ങൾക്ക് ശ്രീമതം നൽകുന്നു. കൃഷ്ണനും ശ്രീമതത്തിലൂടെയാണ് ഇങ്ങനെയായി മാറിയത്. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. ഈ മുഴുവൻ പഴയ ലോകത്തേയും മറന്ന് ഒരച്ഛനെ ഓർമ്മിക്കണം. ബലിയർപ്പണമാകേണ്ടതും ഇപ്പോഴാണ്. ഇതിനെയാണ് ജീവിച്ചിരിക്കെ മരിക്കുക എന്ന് പറയുന്നത്. ഭക്തിമാർഗ്ഗത്തിലെ കാര്യങ്ങൾ വേറെയാണ്. അത് ഭക്തിയുടെ രീതിയാണ്. ഭക്തിമാർഗ്ഗത്തിൽ അനേകം ഗുരുക്കന്മാരുണ്ട്. എന്നാൽ സദ്ഗതിദാതാവ് ഒരേഒരു നിരാകാരനായ പരമപിതാ പരമാത്മാവാണ്. ഒരു സാകാര മനുഷ്യന്, മനുഷ്യർക്ക് സദ്ഗതി നൽകാൻ സാധിക്കില്ല. സദാകാലത്തേയ്ക്ക് സുഖം നൽകാൻ കഴിയില്ല. സദാ സുഖം നൽകുന്നത് അച്ഛൻ മാത്രമാണ്. ഇത് പാഠശാലയാണ്. പ്രധാന ലക്ഷ്യമെന്തെന്നും അച്ഛൻ പറയുന്നുണ്ട്. പറയുന്നു നിങ്ങൾക്ക് സ്വർഗ്ഗീയ സുഖത്തിന്റെ സമ്പത്ത് ലഭിക്കും. ബാക്കി എല്ലാവരും മുക്തിധാമത്തിലേയ്ക്ക് പോകും. ശാന്തിധാമമുണ്ട്, സുഖധാമമുണ്ട് പിന്നെ ഇത് ദുഃഖധാമമാണ്. ഈ ചക്രം കറങ്ങിക്കൊണ്ടേയിരിക്കും. ഇതിനെ സ്വദർശന ചക്രം എന്നാണ് പറയുന്നത്. ഈ ഡ്രാമയുടെ ചക്രത്തിൽ നിന്നും ആർക്കും രക്ഷപ്പെടാൻ പറ്റില്ല. എല്ലാവർക്കും ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ അവിനാശിയായ പാർട്ടുണ്ട്. അച്ഛൻ നിങ്ങളെ പഠിപ്പിച്ച് മനുഷ്യനിൽ നിന്നും ദേവതയാക്കുകയാണ്. പിന്നെ ആര് എത്ര പഠിക്കുന്നുവോ അതുപോലെ, ചിലർ രാജാവാകും, ചിലർ പ്രജയാകും. സൂര്യവംശീ പരമ്പരയല്ലേ. സത്യയുഗത്തിൽ സൂര്യവംശികൾ ഉണ്ടായിരുന്നപ്പോൾ മറ്റാരുമുണ്ടായിരുന്നില്ല. ഭാരതഖണ്ഡമായിരുന്നു ഉയർന്നതിലും ഉയർന്ന സത്യഖണ്ഢമായിരുന്നത്, ഇപ്പോൾ അസത്യഖണ്ഢമായിരിക്കുന്നു, ഇതിനെ ഘോരനരകമെന്നു പറയും. പൈസയ്ക്കുവേണ്ടി എന്തെല്ലാം അക്രമമാണ് ചെയ്യുന്നത്. അവിടെ എന്തെങ്കിലും പ്രാപ്തമാക്കാൻ പാപം ചെയ്യേണ്ടിവരാൻ  അപ്രാപ്തമായി ഒരു വസ്തുവുമുണ്ടാകില്ല. അച്ഛൻ തന്നെയാണ് ഈ മാതാക്കളിലൂടെ ഭ്രഷ്ടാചാരിയായ ഈ ലോകത്തെ ശ്രേഷ്ഠാചാരിയാക്കി മാറ്റുന്നത്. ഇവരോടാണ് അച്ഛൻ വന്ദേമാതരം എന്നു പറയുന്നത്. സന്യാസിമാർ വന്ദേമാതരം എന്നു പറയാറില്ല. അവരുടേത് പരിധിയുള്ള സന്യാസമാണ്. ഇതാണെങ്കിൽ പരിധിയില്ലാത്ത സന്യാസമാണ്. ബുദ്ധികൊണ്ട് മുഴുവൻ ലോകത്തേയും സന്യസിക്കണം. ശാന്തീധാമം, സുഖധാമത്തെ ഓർമ്മിക്കണം. ദുഃഖധാമത്തെ മറക്കണം. ഇത് അച്ഛന്റെ ആജ്ഞയാണ്. അച്ഛൻ ആത്മാക്കൾക്കാണ് മനസ്സിലാക്കിത്തരുന്നത്, നിങ്ങൾ ഈ കാതിലൂടെ കേൾക്കുകയാണ്. ശിവബാബ ഈ ശരീരത്തിലൂടെ നിങ്ങളെ കേൾപ്പിക്കുകയാണ്. അച്ഛൻ ജ്ഞാനസാഗരനാണ് അല്ലാതെ സാധുവോ സന്യാസിയോ മഹാത്മാവോ ഒന്നുമല്ല. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക്  മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യസാരം –

1. അച്ഛനിൽ പൂർണ്ണമായും ബലിയർപ്പണമാകണം. ദേഹത്തിന്റെ അഹങ്കാരത്തെ ഉപേക്ഷിച്ച് യോഗാഗ്നിയിലൂടെ വികർമ്മങ്ങളെ വിനാശമാക്കണം.

2. പ്രഥമ ലക്ഷ്യത്തെ ബുദ്ധിയിൽ വെച്ച് പഠിപ്പ് പഠിക്കണം. ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയെ ബുദ്ധിയിൽ വെച്ച് സ്വദർശനചക്രധാരിയായി മാറണം.

**വരദാനം:-സദാ ഉന്മേഷ ഉത്സാഹത്തിന്റെ ചിറകുകളിലൂടെ പറക്കുന്ന കലയിൽ പറക്കുന്നവരായ ശ്രേഷ്ഠ ആത്മാവായി ഭവിക്കട്ടെ.**

ജ്ഞാന-യോഗത്തിനോടൊപ്പം ഓരോ സമയത്തും ഓരോ കർമ്മത്തിലും ഓരോ ദിവസവും പുതിയ ഉന്മേഷ-ഉത്സാഹം സൃഷ്ടിച്ചുകൊണ്ടിരിക്കൂ, ഇത് തന്നെയാണ് പറക്കുന്ന കലയുടെ ആധാരം. എങ്ങനെയുള്ള കാര്യമാകട്ടെ, അടിച്ചുവാരലാകട്ടെ, പാത്രം കഴുകലാകട്ടെ, സാധാരണ കർമ്മമാകട്ടെ, അതിലും ഉന്മേഷ- ഉത്സാഹം സ്വാഭാവികവും നിരന്തരവുമായിരിക്കണം. ഉയർന്ന കലക്കാരായ ശ്രേഷ്ഠാത്മാക്കൾ ഉന്മേഷ-ഉത്സാഹത്തിന്റെ ചിറകുകളിലൂടെ സദാ പറന്നുകൊണ്ടിരിക്കും, അവർ ഒരിക്കലും ആശയക്കുഴപ്പത്തിൽ വരില്ല, ചെറിയ- ചെറിയ പ്രശ്നങ്ങളിൽ ക്ഷീണിച്ച് നിന്നുപോകില്ല.

**സ്ലോഗൻ:- ആരാണോ വിനയ ചിത്തരും അക്ഷീണരും സദാ തെളിഞ്ഞ ജ്യോതിയുമായവർ അവർ തന്നെയാണ് വിശ്വമംഗളകാരി.**